**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1698** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി 24 മണിക്കൂറും നിരീക്ഷണം നടത്തുന്നതിനുള്ള എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** ഉണ്ട്. പ്രധാനമായും നാഷണൽ ഹൈവേകളിൽ 24x7 എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പിലാക്കുന്നു.

**(ബി)** ഇതിനായി ദേശീയപാതയെ വിവിധ സോണുകളായി തിരിച്ച് പ്രത്യേക സംഘങ്ങളെ നിയോഗിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

അമിതവേഗത തടയുക, റോഡ് അപകടങ്ങൾ കുറയ്ക്കുക, നിയമനടപടികളുടെ കൃത്യത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ദേശീയപാതകളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകൾ, ആർ.ടി.ഒ., സബ് ആർ.ടി ഓഫീസുകൾ എന്നിവയിൽ നിന്നുള്ള പ്രത്യേക സംഘങ്ങളെ നിയോഗിച്ചുകൊണ്ട്, കേരളത്തിലെ ദേശീയപാതകളെ ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ മേൽനോട്ടത്തിൽ ആറ് പ്രവർത്തന മേഖലകളായി (സോണുകൾ) തിരിച്ചിട്ടുണ്ട്.

അമിതവേഗത, അപകടകരമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കൽ, ഹെൽമെറ്റ്-സീറ്റ് ബെൽറ്റ് നിയമലംഘനങ്ങൾ, അമിതഭാരം കയറ്റൽ, വാഹനങ്ങളിലെ അനധികൃത മാറ്റങ്ങൾ, കൂടാതെ ഫിറ്റ്നസ്, പെർമിറ്റ്, ഇൻഷുറൻസ്, നികുതി എന്നിവയുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകാൻ എൻഫോഴ്സ്മെന്റ് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടയ്ക്കിടെയുള്ള പട്രോളിംഗ്, ക്രമരഹിതമായതും അപ്രതീക്ഷിതവുമായ പരിശോധനകൾ, പോലീസുമായി ചേർന്നുള്ള സംയുക്ത പരിശോധനകൾ, സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള പരിശോധനകൾ എന്നിവയിലൂടെ നിയമനടപടികളുടെ കൃത്യത ഉറപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പോലീസുമായി സഹകരിച്ചാണോ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം പരിശോധനകൾ നടത്തുന്നതെന്നും വ്യക്തമാക്കാമോ?

**മറുപടി:** ഉണ്ട്.

അമിതവേഗത തടയുക, റോഡ് അപകടങ്ങൾ കുറയ്ക്കുക, നിയമനടപടികളുടെ കൃത്യത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ദേശീയപാതകളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകൾ, ആർ.ടി.ഒ., സബ് ആർ.ടി ഓഫീസുകൾ എന്നിവയിൽ നിന്നുള്ള പ്രത്യേക സംഘങ്ങളെ നിയോഗിച്ചുകൊണ്ട്, കേരളത്തിലെ ദേശീയപാതകളെ ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ മേൽനോട്ടത്തിൽ ആറ് പ്രവർത്തന മേഖലകളായി (സോണുകൾ) തിരിച്ചിട്ടുണ്ട്.

അമിതവേഗത, അപകടകരമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കൽ, ഹെൽമെറ്റ്-സീറ്റ് ബെൽറ്റ് നിയമലംഘനങ്ങൾ, അമിതഭാരം കയറ്റൽ, വാഹനങ്ങളിലെ അനധികൃത മാറ്റങ്ങൾ, കൂടാതെ ഫിറ്റ്നസ്, പെർമിറ്റ്, ഇൻഷുറൻസ്, നികുതി എന്നിവയുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകാൻ എൻഫോഴ്സ്മെന്റ് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടയ്ക്കിടെയുള്ള പട്രോളിംഗ്, ക്രമരഹിതമായതും അപ്രതീക്ഷിതവുമായ പരിശോധനകൾ, പോലീസുമായി ചേർന്നുള്ള സംയുക്ത പരിശോധനകൾ, സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള പരിശോധനകൾ എന്നിവയിലൂടെ നിയമനടപടികളുടെ കൃത്യത ഉറപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**